# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5320 | 15-11-2019 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിനായി എത്ര രൂപ ഇതിനകം ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ ? | (ബി) | അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന പദ്ധതികൾക്ക് പുറമെ പുതിയ പദ്ധതികൾ ആവി-ഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1. സി.എ, ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി
3. പോളിടെക്നിക്കുകൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ റീ ഇംബേഴ്സ്മെന്റ് സ്കീം
5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
6. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി
7. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും A+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
8. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്ന വിവാഹ ധനസഹായ പദ്ധതി.
10. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
11. മദ്രസാധ്യാപകർക്കുള്ള വിവാഹധനസഹായം, ചികിത്സാ ധനസഹായം, ക്ഷേമനിധി അംഗങ്ങളായ വനിതകൾക്കുള്ള പ്രസവാനുകൂല്യം.
12. ബിരുദം, ബിരുദാനന്തര ബിരുദം പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പെൺകുട്ടികൾക്ക് സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ് നൽകുന്നു.

<u>പുതിയ പദ്ധതികൾ</u>

1. <u>പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്-</u> എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000/- രൂപയും ബിരുദ/ ബിരുദാനന്തരബിരുദ തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 15,000/- രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുക.

2. <u>എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്</u>

സർക്കാർ / എയ്ഡഡ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/- രൂപ നിരക്കിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

3. <u>മദർ തെരേസ സ്കോളർഷിപ്പ്</u>

പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

4. <u>ഇമ്പിച്ചി ബാവ ഭവന പുനരുനരുദ്ധാരണ പദ്ധതി</u>

ശരിയായ ജനലുകളോ, വാതിലുകളോ ഇല്ലാത്തതും, ഉറപ്പുള്ള മേൽക്കൂരയില്ലാത്തതുമായ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/- രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിനും, മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകും.

5. <u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ്</u>

മുസ്ലിം സമുദായത്തിലെ വിവാഹ മോചന നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസലിംഗ് എല്ലാ ജില്ലകളിലും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**

<u>സ്കോളർഷിപ്പ് സ്കീമുകൾ</u>

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) | | | |
|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2019-20 |
| പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് | 150 | 250 | 260 | 300<br>Under processing |
| എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് | -- | -- | 18.78 | 60<br>Under processing |
| മദർ തെരേസ സ്കോളർഷിപ്പ് | -- | -- | 34.35 | 75<br>Under processing |

| ഭവന പുനരുദ്ധാരണ പദ്ധതി | | |
|---|---|---|
| **ജില്ല** | **2017-18**<br>**ആകെ വീടുകളുടെ എണ്ണം** | **2017-18**<br>**ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| തിരുവനന്തപുരം | 60 | 30 |
| കൊല്ലം | 60 | 30 |
| പത്തനംതിട്ട | 70 | 35 |
| ആലപ്പുഴ | 80 | 40 |
| കോട്ടയം | 55 | 27.5 |
| ഇടുക്കി | 55 | 27.5 |
| എറണാകുളം | 85 | 42.5 |
| തൃശൂർ | 45 | 22.5 |
| പാലക്കാട് | 60 | 30 |
| മലപ്പുറം | 200 | 100 |
| കോഴിക്കോട് | 55 | 27.5 |
| വയനാട് | 60 | 30 |
| കണ്ണൂർ | 70 | 35 |
| കാസർഗോഡ് | 45 | 22.5 |
| **ആകെ** | **1000** | **500** |

| **പ്രീമാരിറ്റൽ കൗൺസിലിംങ്**<br>**2018-19** | | **2018-19** | **2019-20** | **2019-20** |
|---|---|---|---|---|
| **ജില്ല** | **ബാച്ചുകൾ** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** | **അനുവദിച്ച തുക (ലക്ഷത്തിൽ)** | **ചെലഴിച്ച തുക (ലക്ഷത്തിൽ)** |
| തിരുവനന്തപുരം | 25 | 5 | 1.68 | Under processing |
| കൊല്ലം | 13 | 2.6 | 2.52 | |
| പത്തനംതിട്ട | 6 | 1.2 | 1.68 | |
| ആലപ്പുഴ | 11 | 2.2 | 5.88 | |

| | | | | | |
|---|---|---|---|---|---|
| കോട്ടയം | 26 | 5.2 | 2.80 | | |
| ഇടുക്കി | 8 | 1.6 | 2.24 | | |
| എറണാകുളം | 30 | 6 | 3.92 | | |
| തൃശ്ശൂർ | 21 | 4.2 | 4.76 | | |
| പാലക്കാട് | 21 | 4.2 | 8.4 | | |
| മലപ്പുറം | 113 | 22.6 | 23.24 | | |
| കോഴിക്കോട് | 51 | 10.2 | 10.08 | | |
| വയനാട് | 13 | 2.6 | 2.8 | | |
| കണ്ണൂർ | 41 | 8.2 | 6.16 | | |
| കാസർഗോഡ് | 16 | 3.2 | 2.8 | | |
| **ആകെ** | **395** | **79** | **78.96** | | |

**സെക്ഷൻ ഓഫീസർ**